**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2578** 09.03.2017 ന് മറുപടിയ്ക്ക്

**വിവാഹ വീട്ടുകളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരി വിരുദ്ധ ബോധവത്ക്കരണത്തിന്റെ ഭാഗമായി, വിവാഹ വീട്ടുകളിലെ മദ്യസത്കാരം തടയുന്നതിനായി എക്സൈസ് വകുപ്പിന് പദ്ധതിയുണ്ടോ; | (എ) | ഇല്ല. |
| (ബി) | വിവാഹ വീട്ടുകളിലെത്തി മദ്യപാനം മൂലമുള്ള വിപത്തുകളെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും നിയമപരമായ മുന്നറിയിപ്പ് നൽകുന്നതിനും എക്സൈസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) ഉം (സി) ഉം | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മദ്യ-മയക്കുമരുന്ന് ഉപഭോഗം മൂലമുണ്ടാകുന്ന വിപത്തുകൾ ചൂണ്ടിക്കാട്ടിയും അതിശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജ്ജനമിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ പ്രവർത്തന ങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8 ന് ആരംഭിച്ച് 2017 മാർച്ച് 31 ന് പൂർത്തിയാകുന്ന തരത്തിൽ സംസ്ഥാനത്തെ എല്ലാ വീട്ടുകളിലും "വിമുക്തി" സ്റ്റിക്കർ പതിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വിവാഹ വീട്ടുകൾ കണ്ടെത്തുന്നതിനും ബോധവത്ക്കരണം നടത്തുന്നതിനും ആവശ്യമായ അംഗബലം എക്സൈസ് സേനക്കുണ്ടോയെന്ന് അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**